**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3418** — **26-10-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതി കൃഷി പ്രചരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എം.വിജിൻ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രകൃതി കൃഷി പ്രചരിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ) കേരളത്തിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൻ കീഴിൽ 2020-21 മുതൽ മൂന്ന് വർഷത്തേയ്ക്ക് 84000 ഹെക്ടർ വിസ്തൃതിയിൽ ജൈവ കൃഷി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബ്ലോക്ക്തലത്തിൽ ചുരുങ്ങിയത് 500 ഹെക്ടർ വീതമുള്ള168 ക്ലസ്റ്ററുകൾ രൂപീകരിച്ച് മൂന്ന് വർഷം കൊണ്ടാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപ, രണ്ടാം വർഷം 17.85 ലക്ഷം രൂപ, മൂന്നാം വർഷം 17.85 ലക്ഷം രൂപ വീതം ലഭിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഒന്നാം വർഷം പദ്ധതി നടത്തിപ്പിനായി 4455.36 ലക്ഷം രൂപയുടെ വാർഷികപദ്ധതിയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ഒന്നാം വർഷത്തെ ആദ്യ ഗഡുവായി കേന്ദ്ര സർക്കാരിന്റെ വിഹിതമായി ലഭിച്ച 1336.608 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായ 891.072 ലക്ഷം രൂപയും കൂടി ചേർത്തുള്ള ആകെ തുക 2227.70 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കുന്നതിനുള്ള അനുമതി 13.01.2021-ലെ G.O.(Rt) No.47/2021/Agri നമ്പർ ഉത്തരവ് പ്രകാരം നല്കുകയും പ്രസ്തുത തുക ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുകയും ചെയ്യുന്നു. സുഭിക്ഷം സുരക്ഷിതം പദ്ധതി - |

| | | | |
|---|---|---|---|
| | | | ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ) സംസ്ഥാനത്തിൽ നടപ്പിലാക്കുന്നതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രകൃതി കൃഷി പ്രചാരണത്തിന് കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ) കേരളത്തിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൻ കീഴിൽ 2020-21 മുതൽ മൂന്ന് വർഷത്തേയ്ക്ക് 84000 ഹെക്ടർ വിസ്തൃതിയിൽ ജൈവ കൃഷി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബ്ലോക്ക്തലത്തിൽ ചുരുങ്ങിയത് 500 ഹെക്ടർ വീതമുള്ള168 ക്ലസ്റ്ററുകൾ രൂപീകരിച്ച് മൂന്ന് വർഷം കൊണ്ടാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപ, രണ്ടാം വർഷം 17.85 ലക്ഷം രൂപ, മൂന്നാം വർഷം 17.85 ലക്ഷം രൂപ വീതം ലഭിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഒന്നാം വർഷം പദ്ധതി നടത്തിപ്പിനായി 4455.36 ലക്ഷം രൂപയുടെ വാർഷികപദ്ധതിയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ഒന്നാം വർഷത്തെ ആദ്യ ഗഡുവായി കേന്ദ്ര സർക്കാരിന്റെ വിഹിതമായി ലഭിച്ച 1336.608 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായ 891.072 ലക്ഷം രൂപയും കൂടി ചേർത്തുള്ള ആകെ തുക 2227.70 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കുന്നതിനുള്ള അനുമതി 13.01.2021-ലെ G.O.(Rt) No.47/2021/Agri നമ്പർ ഉത്തരവ് പ്രകാരം നല്കുകയും പ്രസ്തുത തുക ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുകയും ചെയ്യുന്നു. സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ) സംസ്ഥാനത്തിൽ നടപ്പിലാക്കുന്നതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | പ്രകൃതി കൃഷി സുസ്ഥിര വരുമാന മാർഗ്ഗമായി സ്വീകരിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് |

| | | | |
|---|---|---|---|
| | | | ബയോഡൈവേസിറ്റി കൺസർ വേഷൻ) കേരളത്തിൽ നടപ്പിലാക്കുന്നതിനും പ്രകൃതി കൃഷി കർഷകന് സുസ്ഥിര വരുമാന മാർഗ്ഗമായി സ്വീകരിക്കുന്നതിനും വേണ്ടിയുള്ള നടപടിയുടെ ആദ്യ ഘട്ടമായി കേരളത്തിലെ 50 കൃഷി ഓഫീസർമാരെ ബീക്കൺ ഓഫീസറായി തിരഞ്ഞെടുത്ത് അവരുടെ കീഴിൽ 10 സെൻറ് വീതമുള്ള വിവിധ കാർഷിക പരീക്ഷണ കൃഷി നടത്തുന്നുണ്ട്. ഇതിൽ പ്രകൃതി കൃഷി, ജൈവ കൃഷി, വൃക്ഷായുർവേദ എന്നീ കൃഷി രീതികൾ ഉൾപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ മാതൃകാകൃഷിത്തോട്ടം നിർമ്മിക്കുന്നു. ഇതിൽ കർഷകന് സുസ്ഥിര വരുമാനം ലഭിക്കുന്ന കൃഷി രീതി കണ്ടെത്താൻ സാധിക്കും. ആയതിന്റെ കാർഷിക പരീക്ഷണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സംസ്ഥാനത്ത് സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ **സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ)** കേരളത്തിൽ നടപ്പിലാക്കി വരുന്നു. പദ്ധതിയിൻ കീഴിൽ 2020-21 മുതൽ മൂന്ന് വർഷത്തേയ്ക്ക് 84000 ഹെക്ടർ വിസ്തൃതിയിൽ ജൈവ കൃഷി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് തലത്തിൽ 50 ഹെക്ടർ വീതമുള്ള 10 മൈക്രോ ക്ലസ്റ്ററുകൾ ചേർത്ത് ഒരു ക്ലസ്റ്റർ (500 ഹെക്ടർ) രൂപീകരിക്കുന്നു. ഓരോ ക്ലസ്റ്ററുകളുടെയും മേൽനോട്ടത്തിനായി ഹൈപവർ കമ്മിറ്റി രൂപീകരിക്കുന്നു. കൃഷി അസിസ്റ്റൻറ് ഡയറക്ടർ ചെയർമാനായി കൃഷി ഓഫീസർമാർ, കർഷക പ്രതിനിധികളായ 4 ഹൈ പവർ കമ്മിറ്റി അംഗങ്ങൾ, 4 സിനീയർ ലോക്കൽ റിസോഴ്സ് പേഴ്സൺ അംഗങ്ങൾ എന്നിവർ ചേർന്നതാണ് ഹൈ പവർ കമ്മിറ്റി.

ഹൈപവർ കമ്മിറ്റിയെ കൂടാതെ ക്ലസ്റ്ററുകളുടെ മേൽ നോട്ടം വഹിക്കുന്നതിനായി താഴെ പറയുന്ന കർഷക പ്രതിനിധികളെയും തെരഞ്ഞെടുക്കുന്നു.

- ഹൈപവർ കമ്മിറ്റി കോർഡിനേറ്റർ
- സിനീയർ ലോക്കൽ റിസോഴ്സ് പേഴ്സൺ (SLRP)
- ലോക്കൽ റിസോഴ്സ് പേഴ്സൺ (LRP)
- കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ (CRP).

**പരിശീലന പരിപാടികൾ**

ടി പദ്ധതിയിൽ അംഗമാകുന്ന എല്ലാ കർഷകർക്കും ബോധവൽക്കരണ പരിപാടികൾ, ഫീൽഡ് സന്ദർശനം, പരിശീലനം എന്നിവ നൽകുന്നു.

**ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകളുടെ (FIG) രൂപീകരണം**

ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ വഴി ജൈവ ഉല്പാദനോപാധികൾ ഉത്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് **FIG-1** , മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതിനായി **FIG-2** എന്നിവ പ്രവർത്തിക്കുന്നു. അങ്ങനെ ഓരോ ക്ലസ്റ്ററിലും 2 ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ വീതം പ്രവർത്തിക്കുന്നുണ്ട്.

**വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന ഘടകങ്ങൾ**

പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ തനിമ നഷ്ടപ്പെടാതെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, ടി പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃകാകൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു.

**പി.ജി.എസ് (Participatory Guarantee Scheme) സർട്ടിഫിക്കേഷൻ**

ടി പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകരെ പി.ജി.എസ്. ഇന്ത്യ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും **പി.ജി.എസ്. ഇന്ത്യാ ഗ്രീൻ** സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. ടി പദ്ധതിയിലെ

മാനദണ്ഡങ്ങൾ പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്ന് വർഷം കഴിഞ്ഞ് **പി.ജി.എസ്. ഓർഗാനിക്** സർട്ടിഫിക്കറ്റും നൽകുന്നു.

പി.ജി.എസ്. സർട്ടിഫിക്കറ്റ് നൽകുന്നത് കർഷകരുടെ കൃഷിയിടത്തിനാണ്. ആയതിനാൽ ആ ഭൂമിയിലുള്ള എല്ലാ കാർഷിക വിളകളും ജൈവ ഉല്പന്നമായി ഗുണനിലവാരം ഉറപ്പാക്കി ഉയർന്ന വിലയ്ക്ക് വില്പന നടത്താൻ സാധിക്കും. ഇതൊരു ഗ്രൂപ്പ് സർട്ടിഫിക്കേഷൻ ആണ്. എങ്കിലും ഓരോ കർഷകർക്കും വെവ്വേറെ സർട്ടിഫിക്കറ്റ് ലഭിക്കും.

പി.ജി.എസ്. സർട്ടിഫിക്കറ്റ് ലഭിച്ച കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ജൈവ ഓൺലൈൻ വിപണിയായ **Jaivik kheti** (www.jaivikkheti.in) പോർട്ടൽ വഴി ആരംഭ ഘട്ടത്തിൽ തന്നെ വില്പന നടത്താനും ഉപഭോക്താക്കൾക്ക് വാങ്ങുവാനും സാധിക്കും. കർഷകർക്ക് അവരുടെ ജൈവ ഉൽപന്നങ്ങൾക്ക് വില നിശ്ചയിക്കുവാനുള്ള അവസരം
ഇ-വിപണിയിലൂടെ സാധ്യമാകുന്നു.

പദ്ധതിയിൽ ഉൾപ്പെട്ട ഓരോ കർഷകനും സർട്ടിഫിക്കേഷൻ ലഭിക്കുകയും, സർട്ടിഫിക്കറ്റിൽ ലഭിക്കുന്ന "ലോഗോ"യും കോഡ് നമ്പറും വിപണി ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാനുള്ള അവകാശം ലഭിക്കുകയും ചെയ്യും.

മേൽ പറഞ്ഞവയുടെ പൂർണ്ണത കൈവരിക്കപ്പെടുന്നത് "പി.ജി.എസ് ഇന്ത്യ ഓർഗാനിക്" എന്ന സർട്ടിഫിക്കേഷൻ ലഭിക്കുമ്പോഴാണ്. ആയതിനാൽ "പി.ജി.എസ് ഇന്ത്യ ഓർഗാനിക്" ഉൽപന്നങ്ങൾക്ക് "പി. ജി. എസ് ഇന്ത്യ ഗ്രീൻ" ഉൽപന്നങ്ങളേക്കാൾ കൂടുതൽ വില ലഭിക്കും.